# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 3814 | 15.12.2014-ൽ മറുപടിയ്ക്ക്

### അടൂർ മണ്ഡലത്തിലെ പള്ളിക്കൽ ഹിരണ്യനല്ലൂർ ക്ഷേത്രത്തിലെ അഗ്നിബാധ- അന്വേഷണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ചിറ്റയം ഗോപകുമാർ | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) അടൂർ മണ്ഡലത്തിലെ പള്ളിക്കൽ പഞ്ചായത്തിലുള്ള ഹിരണ്യനല്ലൂർ ക്ഷേത്രം സംശയാസ്പദമായ സാഹചര്യത്തിൽ അഗ്നിക്കിരയാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) നൂറ്റാണ്ടുകൾ പഴക്കമുള്ള വളരെ പ്രാധാന്യമേറിയ ഈ ക്ഷേത്രത്തിലുണ്ടായ അഗ്നിബാധ സംബന്ധിച്ച അന്വേഷണത്തിൽ കാര്യമായ പുരോഗതിയില്ലാത്തതിന്റെ കാരണം വെളിപ്പെടുത്തുമോ ; | (ബി) ഇതു സംബന്ധിച്ച് അടൂർ പോലീസ് സ്റ്റേഷനിൽ ക്രൈം നം. 2000/2014 പ്രകാരം രജിസ്റ്റർ ചെയ്ത കേസ് ഊർജ്ജിത അന്വേഷണത്തിനായി അടൂർ ഇൻസ്പെക്ടറെ ചുമതലപ്പെടുത്തിയിട്ടുള്ളതും കാര്യക്ഷമമായ രീതിയിൽ അന്വേഷണം നടന്നു വരുന്നതുമാകുന്നു. |
| (സി) നാളിതുവരെ ഇതു സംബന്ധിച്ച് നടത്തിയ അന്വേഷണ വിവരങ്ങളുടെ വിശദാംശം അറിയിക്കാമോ ; | (സി) സംഭവസ്ഥലത്തു നിന്നും തെളിവിനായി ശേഖരിച്ചിട്ടുള്ള വസ്തുക്കൾ ബഹു. കോടതി മുഖേന ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ പരിശോധനയ്ക്കായി അയച്ചു നൽകിയിട്ടുണ്ട്. പരിശോധനാ ഫലം ലഭ്യമായാൽ മാത്രമേ തീപിടിത്തത്തിന് ഇടയായ കാരണങ്ങൾ വ്യക്തമാവുകയുള്ളു. Electronic തെളിവുകൾ ഉൾപ്പെടെ ശേഖരിക്കുവാനുള്ള നടപടികൾ എടുത്തു വരുന്നു. |
| (ഡി) അനുബന്ധ അന്വേഷണം ക്രൈംബ്രാഞ്ചിന് കൈമാറി ഊർജ്ജിതപ്പെടുത്തുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ? | (ഡി) ടി കേസിന്റെ അന്വേഷണം ക്രൈംബ്രാഞ്ചിനു കൈമാറാൻ ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ